# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 301** **13.10.2011 ലെ മറുപടിക്ക്**

## സാമ്പത്തിക നില മെച്ചപ്പെടുത്താൻ നടപടി

**ചോദ്യം**

**ശ്രീ. റോഷി അഗസ്റ്റിൻ**
**ശ്രീ. പി.സി. ജോർജ്ജ്**
**ശ്രീ. തോമസ് ഉണ്ണിയാടൻ**

**ഉത്തരം**

**ശ്രീ. കെ.എം. മാണി**
**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ.) | സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | അധിക വിഭവ സമാഹരണത്തിനായി നികുതിയേതര വരുമാന മാർഗ്ഗങ്ങൾ തേടുന്നതിനോടൊപ്പം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാനിടയുള്ള നികുതി വർദ്ധനവിന് ശ്രമിക്കാതെ കൃത്യമായ നികുതി നിർണ്ണയത്തിലൂടെയും, നികുതി ചോർച്ച തടയുന്നതിലൂടെയും, നികുതി ഒടുക്കൽ സമ്പ്രദായത്തിന് കൂടുതൽ സുതാര്യതയും ആകർഷണീയതയും ഉറപ്പാക്കുന്നതാണ്. ഇത്തരം ഉദ്യമങ്ങൾ വഴി വിഭവ സമാഹരണം കാര്യക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നിശ്ചിത ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകൾക്ക് അധിക സെസ്സ്, പുകയില ഉൽപന്നങ്ങളിന്മേലുള്ള നികുതി ഉയർത്തൽ, ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ചുമത്തിയിരുന്ന സെസ്സിന്റെ വർദ്ധനവ്, സ്വർണ്ണ വിൽപനയിലെ കോമ്പൗണ്ടിംഗ് രീതിയിലെ പരിഷ്ക്കാരം മൂലമുള്ള നികുതി വർദ്ധനവ്, ലോട്ടറി എന്നിവയിൽ നിന്നും കണ്ടെത്തുന്ന അധിക വരുമാനം തുടങ്ങിയവ സംസ്ഥാനത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| (ബി.) | പാവപ്പെട്ടവർക്കും കാർഷിക-പാരമ്പര്യ തൊഴിലാളികൾക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി കൂടുതൽ ധനസമാഹരണം നടത്തുന്നതിനും കേന്ദ്രത്തിൽ നിന്നും കൂടുതൽ വിഹിതം ചോദിച്ച് വാങ്ങുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | പാവപ്പെട്ടവർക്കും കാർഷിക-പാരമ്പര്യ തൊഴിലാളികൾക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന്റെ ഭാഗമായി ബി.പി.എൽ. കുടുംബങ്ങൾക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരി നൽകുക, ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ, കൃത്യമായ വായ്പതിരിച്ചടവിന് പലിശ സബ്സിഡി, കായൽ കർഷകർക്ക് പമ്പിംഗ് സബ്സിഡി, കാലിത്തീറ്റയ്ക്ക് സബ്സിഡി, കയർ വിപണനം മെച്ചപ്പെടുത്തുന്നതിന് കയർ ഗ്രാമ രൂപീകരണം, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി എന്നിവ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>സാമ്പത്തിക നില മെച്ചപ്പെടുത്തുവാനുള്ള നടപടികളിലൂടെ ലഭ്യമാകുന്ന അധിക വരുമാനം പാവപ്പെട്ടവർക്കും കാർഷിക പാരമ്പര്യ തൊഴിലാളികൾക്കും ഉൾപ്പെടെ സംസ്ഥാനത്തിന്റെ പൊതുവായുള്ള വികസനത്തിനായി വിനിയോഗിക്കുവാനാകും. ഈ പ്രത്യേക ജനവിഭാഗത്തിനെ ലക്ഷ്യമാക്കി കേന്ദ്രം ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കിക്കൊണ്ട് ഈ ഇനത്തിൽ അധിക തുക നേടിയെടുക്കാനാവുമെന്നും പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**